**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1573** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂർ ജില്ലാ ആശുപത്രിയിലെ ക്യാൻസർ ചികിത്സ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജിക്ക് വേണ്ടി നിർമ്മിച്ചിട്ടുള്ള ബഹുനില കെട്ടിടത്തിൽ ക്യാൻസർ രോഗ നിർണയവും ചികിത്സയും നടത്തുന്നതിന് വേണ്ടി നിലവിൽ എന്തെല്ലാം സൗകര്യങ്ങളുണ്ട് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരൂർ ജില്ലാ ആശുപത്രിയിൽ നിർമ്മിച്ച പുതിയ 9 നില കെട്ടിടത്തിൽ കാൻസർ യൂണിറ്റ് സജ്ജീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. ഇവിടെ നിലവിൽ മാമോഗ്രാം യൂണിറ്റ് 2022 ആഗസ്റ്റ് 12 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. തിരൂർ ജില്ലാ ആശുപത്രിയുടെ പഴയ കെട്ടിടത്തിൽ കാൻസർ ഒ.പി-യും കാൻസർ വാർഡും പ്രവർത്തിച്ചുവരുന്നു. കീമോത്തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സകൾ നൽകുന്നതിനായി കീമോത്തെറാപ്പി യൂണിറ്റും ക്യാബിനും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ഒരു മെഡിക്കൽ ഐ.സി.യു-വും പ്രവർത്തിക്കുന്നുണ്ട്. കാൻസർ കീമോത്തെറൈാപ്പി, പാലിയേറ്റിവ് കീമോത്തെറാപ്പി എന്നീ സേവനങ്ങൾക്കായി ആകെ 24 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. കാൻസർ ഒ.പി-യിൽ മാസം ശരാശരി 721 രോഗികളും കാൻസർ ഐ.പി-യിൽ മാസം 77 രോഗികളും ചികിത്സ തേടാറുണ്ട്.. കാൻസർ രോഗനിർണ്ണയത്തിന് ആവശ്യമായ എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി എന്നിവ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിലും സെർവിക്കൽ കാൻസർ കണ്ടെത്തുന്നതിനായി പാപ്സ്മിയർ പരിശോധന ഗൈനക്കോളജി വിഭാഗത്തിലും ലഭ്യമാണ്. ദന്തരോഗ വിഭാഗവുമായി ബന്ധപ്പെട്ട വദനാർബുദം കണ്ടെത്തുന്നതിനായിട്ടുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

വളരെ നൂതനമായ ഉപകരണങ്ങളും ആധുനിക ചികിത്സാ സംവിധാനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തന സംവിധാനം ഒരുക്കുന്ന ഈ യൂണിറ്റിന് പൂർണ്ണ പ്രവർത്തനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഭാഗം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനും 60 അധിക ബെഡ്ഡുകളോടുകൂടി ഓങ്കോളജി വിഭാഗം പ്രവർത്തിക്കുന്നതിനും ആവശ്യമായ കൂടുതൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ ഗ്യാപ് അനാലിസിസ് നടത്തി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള തുടർ നടപടികളുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും പ്രസ്തുത തസ്തികകളുടെ പുനർ വിന്യാസ സാധ്യത കൂടി പരിശോധിച്ച് പ്രൊപ്പോസൽ പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**<u>ഓങ്കോളജി ബ്ലോക്കിന്റെ ഓരോ നിലയിലും ഒരുക്കുവാൻ ഉദ്ദേശിക്കുന്ന സജ്ജീകരണങ്ങൾ</u>**

<u>ബേസ്മെന്റ് നില</u>

ബേസ്മെന്റ് നിലയിൽ ലീനിയർ ആക്സിലറേറ്റർ, ബ്രാക്കി തെറാപ്പി റൂം, മോൾഡ് റൂം, സി.റ്റി.സിമുലേറ്റർ എന്നിവ ഉൾക്കൊള്ളിക്കുന്നുണ്ട്. ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഏകദേശം 20 കോടി രൂപയുടെ ഫണ്ടാണ് പ്രതീക്ഷിക്കുന്നത്.

<u>ഗ്രൗണ്ട് ഫ്ലോർ</u>

ഗ്രൗണ്ട് ഫ്ലോറിൽ കാൻസർ ഒ.പി, ക്യാൻസറുമായി ബന്ധപ്പെട്ട മറ്റ് ഒ.പി-കൾ എന്നിവയ്ക്കായി 2 കൺസൾട്ടേഷൻ മുറികൾ, 05 ബെഡ്ഡുള്ള നിരീക്ഷണ മുറി, ഒരു റിക്കോർഡ് റൂം, ഒരു ഫാർമസി എന്നിവ ഒരുക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്.

<u>ഒന്നാം നില</u>

ഒന്നാം നിലയിൽ കാൻസർ ഇതര ഒ.പി മുറികൾ, കോൺഫറൻസ് ഹാൾ എന്നിവ ഒരുക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്.

<u>രണ്ടാം നില</u>

രണ്ടാം നിലയിൽ കാൻസർ സ്ക്രീനിംഗ് സെന്റർ, എക്സ്റേ റൂം, സി.ടി.സ്കാൻ റൂം, മാമോഗ്രാം റൂം, എം.ആർ.ഐ എന്നിവ ഒരുക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്. ആയതിലേക്കായി ഏകദേശം 10 കോടി രൂപയുടെ ചെലവ് ആണ് പ്രതീക്ഷിക്കുന്നത്.

<u>മൂന്നാം നില</u>

മൂന്നാം നിലയിൽ ഓങ്കോളജി ഒ.പി, കീമോത്തെറാപ്പി വാർഡ് എന്നിവയ്ക്കുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്.

<u>നാലാം നില</u>

നാലാം നിലയിൽ കാർഡിയോളജി ലാബ്, കാത്ത് ലാബ്, ഇലക്ട്രോ കാർഡിയോ ഗ്രാം, ഐ.സി.യു എന്നീ സൗകര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിലേക്കായി ഏകദേശം 5 കോടി രൂപയുടെ ചെലവ് ആണ് പ്രതീക്ഷിക്കുന്നത്.

<u>അഞ്ചാം നില</u>

പ്രസ്തുത നിലയിൽ ന്യൂക്ലിയാർ മെഡിസിൻ വാർഡ്, പോസ്റ്റ് ഓപ്പറേറ്റിവ് വാർഡ്, പാലിയേറ്റിവ് വാർഡ്, കാൻസർ വാർഡ് എന്നിവ ചിട്ടപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

<u>ആറാം നില</u>

ആറാം നിലയിൽ കാൻസർ രോഗനിർണ്ണയത്തിന് പത്തോളജി ലാബ്, മൈക്രോബയോളജി ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഫർണിച്ചർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2.5 കോടി രൂപയുടെ ചെലവ് ആണ് പ്രതീക്ഷിക്കുന്നത്.

<u>ഏഴാം നില</u>

ഏഴാം നിലയിൽ ഹൈ ഡോസ് കീമോതെറാപ്പി വാർഡും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട്.

**(ബി)** തിരൂർ ജില്ലാ ആശുപത്രിയിൽ 2011-16 സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ച ക്യാൻസർ ചികിത്സ കേന്ദ്രം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ തുക എത്രയാണ് എന്ന്

അറിയിക്കാമോ?

**<u>മറുപടി:</u>** തിരൂർ ജില്ലാ ആശുപത്രിയിൽ 33.70 കോടി രൂപ ചെലവിൽ ബേസ്മെന്റ് അടക്കം 9 നിലകളിലായി ഏകദേശം 7734 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ ഒരു ഓങ്കോളജി വിഭാഗം നിർമ്മാണത്തിന് സർക്കാർ ഉത്തരവ് നം. G.O(Rt)3829/2025/H&FWD, dated-27/11/2015 പ്രകാരം ഭരണാനുമതി ലഭിക്കുകയും സംസ്ഥാന പൊതുമരാമത്ത് വിഭാഗത്തിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് അന്നത്തെ ബഹു. ആരോഗ്യവകുപ്പ് മന്ത്രി 2025 ഓഗസ്റ്റ് 12-ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്. നിലവിൽ കാൻസർ ബ്ലോക്ക് സജ്ജീകരിക്കുന്നതിനായി ആകെ 37 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

**(സി)** തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് സുസജ്ജമാക്കുന്നതിനും മികച്ച ഒരു ക്യാൻസർ ചികിത്സ കേന്ദ്രമാക്കുന്നതിനും സർക്കാർ ഫണ്ട് അനുവദിക്കുമോ എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ഇത് സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി ബ്ലോക്ക് സുസജ്ജമാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിൽ തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**